പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1466 15.02. 2016- ലെ മറുപടി

## പ്രവാസി ക്ഷേമവും ക്ഷേമനിധിയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ) പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ഏതൊക്കെയെന്ന് പദ്ധതികളുടെ വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ; ഓരോ പദ്ധതികൾക്കുമുള്ള അപേക്ഷകളുടെ മാതൃക ലഭ്യമാക്കാമോ; | എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. വിവിധ പദ്ധതികൾക്കുള്ള അപേക്ഷാ ഫോറങ്ങളുടെ മാതൃകകൾ www.norkaroots.net എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. |
| ബി) പ്രവാസികൾക്കായി ക്ഷേമനിധി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | ബി) ഉണ്ട്. നിലവിൽ വിദേശത്ത് ജോലി ചെയ്യുന്നവർ, വിദേശത്തു നിന്ന് മടങ്ങിയവർ, കേരളത്തിന് പുറത്ത് ഇന്ത്യയിൽ ജോലി ചെയ്യുന്നവർ, എന്നീ വിഭാഗത്തിലുള്ളവരാണ് കേരള പ്രവാസി കേരളീയ ക്ഷേമ നിധിയിൽ അംഗങ്ങളായുള്ളത്. ഇവർ അംശാദായമായി പ്രതിമാസം അടക്കേണ്ട തുക യഥാക്രമം 300, 100, 100, രൂപ വീതമാണ്. പ്രവാസി ക്ഷേമനിധിയിൽ അംഗമായി ചേരുവാനുള്ള പ്രായം 18 നും 60 നും മദ്ധ്യേ ആണ്. പ്രതിമാസ പെൻഷൻ കൂടാതെ ഈ പദ്ധതിയിൻ കീഴിൽ കുടുംബ പെൻഷൻ, അവശത പെൻഷൻ, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ഗ്രാന്റ് എന്നീ ആനുകൂല്യങ്ങളും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്